## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 673 | 13.6.2012-ലെ മറുപടിക്ക് |
|---|---|

**മാനസികരോഗികളുടെ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പുതിയ ചട്ടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മാനസിക രോഗികൾക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പുതിയ ചട്ടങ്ങളുണ്ടാക്കണമെന്ന ബഹു: ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകിരച്ചുവെന്ന് വ്യക്തമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ അംഗീകാരമില്ലാത്ത എത്രമാനസികാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. ഇത്തരം മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന മാനസിക രോഗികളെ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും മാറ്റി പുനരധിവസിപ്പിക്കുമോ; പ്രസ്തുത കേന്ദ്രങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | ബി) 184 സ്വകാര്യ മാനസികാരോഗ്യ സ്ഥാപനങ്ങൾ ലൈസൻസിനായി സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പരിശോധന പൂർത്തീകരിച്ച 111 സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും ഇതിൽ നാലെണ്ണത്തിന് ഇതിനകം ലൈസൻസ് നൽകുകയും ശേഷിച്ച 12 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനായി ആവശ്യമായ സമയം അനുവദിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതാണ്. ലൈസൻസിന് അപേക്ഷിക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും വിമുഖത കാട്ടുന്ന സ്ഥാപനങ്ങൾക്കെതിരെയും |

| | |
|---|---|
| | നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേയും നിയമനടപടികൾ സ്വീകരിക്കുന്നതാണ്. നിയമ നടപടികളെ തുടർന്ന് അടച്ചുപൂട്ടേണ്ടിവരുന്ന സ്ഥാപനങ്ങളിലെ രോഗികളെ അംഗീകൃത സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതാണ്. |
| സി) ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്നതും, സർക്കാരിന്റെ കീഴിലുമുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അധിവസിക്കുന്ന മാനസിക രോഗികൾക്കുണ്ടാകുന്ന പീഡനം അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) ഇത്തരം സ്ഥാപനങ്ങളിൽ അധിവസിക്കുന്ന മനോരോഗികൾക്ക് ഏതെങ്കിലും തരത്തിലുള്ള പീഡനം അനുഭവിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽ പെട്ടാൽ ആവശ്യമായ നിയമ നടപടികൾ അടിയന്തിരമായി സ്വീകരിക്കും. മെന്റൽ ഹെൽത്ത് ആക്ട് 1987 -ന്റെയും നിലവിലുള്ള ബന്ധപ്പെട്ട മറ്റു നിയമങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കും നടപടികൾ സ്വീകരിക്കുക. |
| ഡി) സ്വത്തിനും മറ്റ് പല നേട്ടങ്ങൾക്കു വേണ്ടിയും മാനസിക രോഗമില്ലാത്തവരെ മാനസിക രോഗികളാണെന്ന് വരുത്തി തീർത്ത് തടവിലിടുന്നതിന് ചില മാനസികാരോഗ്യ കേന്ദ്രങ്ങൾ എല്ലാവിധ സഹായവും ചെയ്തു കൊടുക്കുന്നുണ്ട് എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ഡി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇത്തരം ആരോപണങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മെന്റൽ ഹെൽത്ത് ആക്ട് 1987 -ലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമ നടപടികളും ശിക്ഷാനടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ